LIBRARY ARCHIVES Kerala Legislative Assembly

ആർബിട്രേഷൻ സംബന്ധിച്ച കേസുകൾ

57 [671] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ശക്തൻ:
„ ഡി. സുഗതൻ:
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാന ഹൈക്കോടതിയിൽ ആർബിട്രേഷൻ സംബന്ധിച്ച് എത്ര കേസുകൾ വന്നു;

(ബി) ഈ കേസുകളിൽ ഒട്ടാകെ അടങ്ങിയ തുക എത്രയായിരുന്നു;

(സി) ഈ കേസുകളിൽ എത്രയെണ്ണത്തിൽ ഗവൺമെന്റിന് എതിരായി വിധിയുണ്ടായി;

(ഡി) എന്തു തുക ഈ ഇനത്തിൽ കക്ഷികൾക്ക് കൊടുക്കേണ്ടിവന്നു;

(ഇ) പരാജയപ്പെട്ട എത്ര ആർബിട്രേഷൻ കേസുകൾ അപ്പീലിനു പോയിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാന ഹൈക്കോടതിയിൽ ആർബിട്രേഷൻ സംബന്ധിച്ച് 12 കേസുകൾ വന്നു.

(ബി) ഈ കേസുകളിൽ ഒട്ടാകെ അടങ്ങിയ തുക 12,32,16,862 (പന്ത്രണ്ട് കോടി മുപ്പത്തിരണ്ടു ലക്ഷത്തി പതിനെണ്ണായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട്) രൂപയാണ്.

(സി) ഈ കേസുകളിൽ 4 എണ്ണത്തിൽ ഗവൺമെന്റിന് എതിരായി വിധിവന്നു.

(ഡി) 8,93,03,429 (എട്ടു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തിയൊൻപത് രൂപ) ഈ ഇനത്തിൽ കക്ഷികൾക്ക് കൊടുക്കേണ്ടി വന്നു.

(ഇ) പരാജയപ്പെട്ട ആർബിട്രേഷൻ കേസുകളിൽ 3 എണ്ണത്തിൽ അപ്പീലിനു വേണ്ടിയുള്ള നടപടി എടുത്തു കൊണ്ടിരിക്കുന്നു.

മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ അടച്ച തുക

58 [672] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവർക്കു വീടു നിർമ്മിച്ചു നൽകുന്നതിനുവേണ്ടി കേരളത്തിലെ എത്ര പഞ്ചായത്തുകൾ പണം അടച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;